മിസ്റ്റർ എം. ഐ. പോൾ: ഈ പണി പൂർത്തിയാക്കുവാൻ ഏതെങ്കിലും ഒരു കമ്പനിക്കാക്ക് ഏല്പിച്ചുകൊടുക്കുവാൻ വിരോധമുണ്ടോ?

റാവു സാഹിബ് കെ. അയ്യപ്പൻ: ആ കാര്യം ഗവണ്മെണ്ട് ആലോചിച്ചിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: മിസ്റ്റർ പി. കെ. അച്യുതൻ കൊച്ചീക്കാരനാണൊ?

റാവു സാഹിബ് കെ. അയ്യപ്പൻ: കൊച്ചീക്കാരനല്ലെന്നാണ് എന്റെ അറിവ്. ഈ കാര്യം നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണ്.

Mr. President: This has been answered repeatedly. Very many of these points have been answered.

Mr. P. Kumaran Ezhuthassan *(Vadakkancheri):* We want it in this context Sir, so that the hollowness of the Government position and the strength of our attempt could be emppasised.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, പണികഠം കരാറുകൊടുക്കുമ്പോൾ ലോവസ്റ്റ് ടെണ്ടർമാത്രം നോക്കിയാണൊ കൊടുക്കാറുള്ളത്?

റാവുസാഹിബ് കെ. അയ്യപ്പൻ: സാമാന്യേന ലോവസ്റ്റ് ടെണ്ടർ നോക്കീട്ടുകൊടുക്കണമെന്നാണ് നിയമം. എന്നാൽ എപ്പോഴും ലോവസ്റ്റർ ടെണ്ടറിനു് കൊടുക്കുവാനും സാധ്യമല്ല. കൺട്രാക്ട് എടുക്കുന്ന ആൾ പണിനടത്തുവാൻ പ്രാപ്തനാണോ എന്നുള്ളതും മറ്റും നോക്കേണ്ടതുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ടെണ്ടർ വിളിച്ചിട്ടുള്ളത് ആരാണ്?

റാവുസാഹിബ് കെ. അയ്യപ്പൻ: ചീഫ് എഞ്ചിനിയറാണ്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ചീഫ് എൻജിനിയറാണ് ഇത് നടത്തുന്നതെന്നുപറഞ്ഞു. ഈ ടെണ്ടർ ഉറപ്പിക്കുന്നതിനു് ഗവണ്മെണ്ടുസാങ്ക്ഷൻ വേണ്ടെ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഒരു ലക്ഷത്തിൽ താഴെവരുന്ന സംഖ്യയാണെങ്കിൽ വേണ്ട.

RAMAVARMAPURAM TRAINING INSTITUTE—TEACHERS SELECTED FOR TRAINING

317. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലം രാമവർമ്മപുരം ട്രെയിനിംഗ് സ്കൂളിൽ 40 വയസ്സ് കഴിഞ്ഞ എത്ര അദ്ധ്യാപകന്മാരെ പരിശീലനത്തിനു് എടുത്തിട്ടുണ്ടു്;

(ബി) അവരെ ഇതേവരെ എടുക്കുവാൻ സാധിക്കാഞ്ഞതു് എന്തുകൊണ്ടു്;

(സി) അവർക്കു മറ്റുള്ളവരെപ്പോലെ സ്റ്റൈപ്പെൻറു കൊടുക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) 40 പേർ ചേർന്നിട്ടുണ്ടു്.

(ബി) സ്റ്റൈപ്പണ്ടറിയായി എടുക്കുവാൻ നിശ്ചിത സംഖ്യയുള്ളതുകൊണ്ടു് എല്ലാവരേയും എടുക്കുവാൻ സാധ്യമല്ല.

(സി) ഇല്ല.

(ഡി) നിയമമില്ലാത്തതുകൊണ്ടു്.

മിസ്റ്റർ പി. കെ. പോൾ: ഈ ഉത്തരത്തിൽനിന്നു് നിശ്ചിത സംഖ്യയുള്ളതുകൊണ്ടു് എല്ലാവരേയും എടുക്കുവാൻ സാധ്യമല്ലെന്നു് കാണുന്നുണ്ടു്. എന്നാൽ കൂടുതൽ പ്രായംചെന്ന ആളുകളേയും എടുത്തുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റൈപ്പൻറു കൊടുത്തു് ട്രെയിൻറു ചെയ്യിപ്പിക്കുന്നവരെകൊണ്ടു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിനു് ഗുണം ഉണ്ടാകണമെന്നു് വിചാരിച്ചിട്ടാണു് ഗവണ്മെണ്ടു് ഈനയം സ്വീകരിച്ചിട്ടുള്ളതു്. കൂടുതൽ പ്രായമുള്ളവരായാൽ അതുകൊണ്ടു് ഉദ്ദേശിക്കുന്ന ബനിഫിറ്റു് ഉണ്ടാവുകയില്ല. അതുകൊണ്ടാണു് പ്രായംകുറഞ്ഞവരെ ട്രെയിനിംഗിനു് എടുക്കുന്നതു്.

മിസ്റ്റർ പി. കെ. പോൾ: അവരെ എടുക്കാതിരുന്നാൽ അതൊരു കൃത്യവിലോപമായിരിക്കയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടിൽനിന്നു് കൊടുക്കുന്ന സൌജന്യംകൊണ്ടു് ഗവമ്മെണ്ടിനു് ബനിഫിറ്റുണ്ടാകണമെന്നാണു് ഉദ്ദേശം.

മിസ്റ്റർ പി. കെ. പോൾ: പ്രായംകൂടിയ ആളുകളെ മുമ്പു് ടെയിനിംഗിനു് എടുക്കാത്തതുകൊണ്ടല്ലെ അങ്ങിനെ വന്നിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേണമെങ്കിൽ അവർക്കു് സ്വന്തം ചിലവിന്മേൽ ടെയിനിംഗിനുപോകാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ടെയിനിംഗിനു് നു @ വയസ്സുപ്രായമുള്ളവരെയെങ്കിലും തിരഞ്ഞെടുത്തയക്കുവാൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടിസ്സു വേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ടെയിനിംഗ് ഇല്ലാത്തതുകൊണ്ടു് അവർക്കു് പ്രത്യേകംവല്ല സ്ഥാനവും വഹിക്കുവാൻ പാടില്ലെന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ടെയിനിംഗ് കഴിക്കാത്ത ആളുകൾക്കു് പ്രത്യേകചില സ്ഥാനങ്ങൾ വഹിക്കുവാൻ പാടില്ലെന്നുള്ള റൂളുണ്ടു്.

മിസ്റ്റർ പി. കെ. പോൾ: നെടുങ്ങാട്ടു് സ്കൂളിൽനിന്നും ടെയിനിംഗ് കഴിയാത്ത ഒരു ഉപാധ്യാപകനെ പിരിച്ചുയച്ചതായിട്ടു് അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ടെയിനിംഗ് കഴിഞ്ഞിട്ടില്ലെങ്കിൽ പ്രൊമോഷൻ കിട്ടുകയില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: നു @ വയസ്സുകഴിഞ്ഞിട്ടുള്ളവർക്കു് ടെയിനിംഗിൽനിന്നു് എക്സംപ്ഷൻ കൊടുക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എക്സംപ്ഷൻ കൊടുക്കുവാൻ നിവൃത്തിയില്ല. ടെയിനിംഗ് കഴിഞ്ഞിട്ടില്ലെങ്കിൽ അവർക്കു് ചില ഉദ്യോഗങ്ങളിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല. ൫൦ വയസ്സുള്ള ഒരാളെ ടെയിനിംഗിനു് എടുത്താൽ നു @ കൊല്ലം അയാളുടെ സർവ്വീസ്സു ഗവമ്മെണ്ടിലേക്കു കിട്ടും. ൪൦ വയസ്സുള്ള ഒരാളെയാണു് ടെയിനിംഗിനു് എടുക്കുന്നതെങ്കിൽ ൧൫ @ കൊല്ലംമാത്രമേ അയാളുടെ സർവ്വീസ്സുകിട്ടുകയുള്ളു.

മിസ്റ്റർ എം. കെ. രാജാ: ഇപ്പോൾ ടീച്ചർമാരെ ടെയിനിംഗിനു് എടുക്കുന്നതു് എന്തടിസ്ഥാനത്തിന്മേലാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആകെ ഇത്ര place ഉണ്ടെന്നുള്ളതുനോക്കി, അതനുസരിച്ചു് ടെയിനിംഗിനു് എടുക്കുകയാണു് ചെയ്യുന്നതു്.

മിസ്റ്റർ എം. കെ. രാജാ: അങ്ങിനെയാണെങ്കിൽ കൂടുതൽ സർവ്വീസ്സുള്ളവർക്കു് മൻഗണനകൊടുക്കുന്നതുകൊണ്ടു് എന്താണു് വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനുള്ള തടസ്സമാണു് പറഞ്ഞതു്.

മിസ്റ്റർ എം. ഐ. പോൾ: നു @ വയസ്സുകഴിഞ്ഞാൽ ഗവമ്മെണ്ടു് ചിലവിന്മേൽ ടെയിനിംഗു് കൊടുക്കുവാൻ പാടില്ലെന്നുപറയുന്നതു് എന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടു് ചിലവാക്കുന്ന സംഖ്യയ്ക്കു് കൂടുതൽ ബനിഫിറ്റു് കിട്ടണമെന്നു് വിചാരിക്കുന്നതുകൊണ്ടാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: നു @ വയസ്സുപ്രായമുള്ള ആൾക്കു് പിരിപ്പിക്കുവാൻ പരിചയം ഉണ്ടാവുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ടെയിനിംഗിന്റെ ഉദ്ദേശം എന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ ഒരു ടെയിനിംഗു് എക്സ്പർട്ടല്ല.

മിസ്റ്റർ പി. നാരായണമേനോൻ: എന്നാൽ കൂടുതൽ പ്രായമുള്ളവരെ അദ്ധ്യാപകന്മാരായിട്ടു് നിയമിക്കാതിരിക്കുകയല്ലേ നല്ലതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ആലോചിക്കാം.

മിസ്റ്റർ പി. കെ. പോൾ: നു @ വയസ്സുകഴിഞ്ഞ ആളുകൾക്കു് ആനുകൂല്യം ചെയ്തുകൊടുക്കുവാൻ ഭയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്രത്തോളം അനുകൂല്യമാണ് വേണ്ടതെന്നുപറഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കെ. പോൾ: ടെയിനിംഗ് കഴിക്കുന്നകാലത്തിൽ ഗവണ്മെണ്ട് ആനുകൂല്യം ചെയ്തുകൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ ൫൫ വയസ്സുകഴിഞ്ഞിട്ടുള്ളവർക്ക് സ്പെഷ്യൽ കൊടുക്കുകയില്ലെന്നാണ് നിശ്ചയം. ഇനി ൫൫ വയസ്സുകഴിഞ്ഞിട്ടുള്ളർക്കുംകൂടി എന്തെങ്കിലും ആനുകൂല്യം ചെയ്യണോ, വേണ്ടയോ എന്നുള്ളതിനെപ്പറ്റി ആലോചിക്കാം.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ൫൫ വയസ്സുകഴിഞ്ഞിട്ടുള്ളവർക്ക് ടെയിനിംഗ് പീരീഡ് കുറച്ചുകൊടുത്തുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരുകൊല്ലം വേണമെന്നാണ് നിയമം. അതിൽ കുറഞ്ഞുകഴിഞ്ഞാൽ അതുകൊണ്ടുദ്ദേശിക്കുന്ന ഗുണം ഉണ്ടാകുമെന്നുതോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ൪൫ കൊല്ലം സർവ്വീസായിട്ടുള്ള ഒരദ്ധ്യാപകനെ ടെയിനിംഗിൽനിന്നു ഒഴിവാക്കികൊടുക്കുവാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് എഡ്യൂക്കേഷൻ എക്സ്പർട്ട് ചെയ്യേണ്ടതാണു്. ൪൫ കൊല്ലം സർവ്വീസുള്ള ഒരദ്ധ്യാപകനു് ടെയിനിംഗ് വേണമോ, വേണ്ടയോയെന്നുള്ളകാര്യത്തിൽ എന്റെ തടസ്ഥമൊന്നുമില്ല. പക്ഷെ അങ്ങിനെ ഒരുത്തം ചെയ്യാറില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ വിഷയമൊന്നു് ആലോചിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

GOODS BROUGHT FROM OTHER COUNTRIES FOR TRANSPORT TO TRAVANCORE —PERMIT—GRANTING OF

318. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് സഭയെ മറുപടി പറയുമോ.—

(എ) അന്യരാജ്യങ്ങളിൽനിന്നും കൊച്ചീരാജ്യംവഴി തിരുവിതാംകൂറിലേക്കു കൊണ്ടുപോകുന്ന ചരക്കുകൾക്കു് പെർമിറ്റ് കൊടുക്കാതെയിരിപ്പാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ;

(ബി) ഉഴുന്നുപരിപ്പു്, ചെറുപയറിൻപരിപ്പു് മുതലായ കേവലം കുത്തുപിടിച്ചു പോകുന്ന നവധാന്യങ്ങൾക്കു പെർമിറ്റ് കൊടുക്കാതെ കച്ചവടക്കാരെ മനഃപൂർവ്വം നഷ്ടപ്പെടുത്തിയെന്നുള്ളതായ വല്ല ആക്ഷേപവും ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ;

(സി) ഇപ്രകാരം പെർമിറ്റ് കൊടുക്കാതെ കാലതാമസം വരുത്തി ചരക്കുകൾ കപ്പൽ മുതലാളികളിൽ കിടന്നു നാശപ്പെട്ടുപോകാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനു് ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ ആരായിരിക്കും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അന്യരാജ്യങ്ങളിൽനിന്നും കൊച്ചീരാജ്യംവഴി തിരുവിതാംകൂറിലേക്കു കൊണ്ടുപോകുന്ന ചരക്കുകൾക്കു പെർമിറ്റ് കൊടുക്കാതെയിരുന്നിട്ടില്ല.

(ബി) ഉഴുന്നുപരിപ്പിനേയും ചെറുപയറിൻപരിപ്പിനേയും സംബന്ധിച്ചു് ആക്ഷേപങ്ങൾ കിട്ടിയിട്ടില്ല. ബാക്കിയുള്ളവ എന്തെല്ലാം സാധനങ്ങളാണെന്നു കൃത്യമായിപ്പറയാതെ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(സി) & (ഡി) മൻചോദ്യങ്ങളുടെ ഉത്തരംകൊണ്ടു് ഈ ചോദ്യങ്ങൾക്കു ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സർ, കഴിഞ്ഞ ഫെബ്രുവരി ൨൩-ാംനു ൨,൫ ൦ ൦ ചാക്കു് ഉഴുന്നുപരിപ്പു് കപ്പലിൽ ഇവിടെ വന്നിട്ടുണ്ടു്. അതിനെസംബന്ധിച്ചു് ഫുഡ്സപ്ലൈ ഡയറക്ടറുമായി എഴുത്തുകുത്തു നടത്തിയതിന്റെ ചില വിവരങ്ങൾ ഈ സഭയുടെ അറിവിന്നായി ഇവിടെ വായിക്കാം.

"The following reply received from the Director of Food Supplies would explain:—"With reference to your Memo No. L. Dis. 12606/22 of the 4th inst, we have the honour to inform you that we are unable to produce the original permit issued by the authorities at the place of

LIBRARY ARCHIVES Kerala Legislative Assembly